മദ്യവ്യവസായത്തിൽ നിന്നുള്ള വരവ്

35 (990)ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവ്യവ സായത്തിൽ നിന്നുള്ള വരവ് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മദ്യ വ്യവസായപുരോഗതിയ്ക്കായി ഈ സർക്കാർ സ്വീക രിച്ച നടപടികളും അതിനു വേണ്ടി വന്ന ചെലവുകളും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് സ്പിരിറ്റ് കള്ളക്കടത്ത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്കുകൾ വർഷം തിരിച്ചു വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്പിരിറ്റ് കള്ളക്കടത്ത് സംബന്ധിച്ച് ശിക്ഷിക്കപ്പെട്ടവരുടെ പേരും വിവരവും ഈടാ ക്കിയ പിഴയും വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)

വർഷം	ലഭിച്ച തുക
1996-97	399,56,28,258
1997-98	537,36,40,798
1998-99	524,72,54,833
1999-2000	587,10,07,040
2000-2001	119,44,15,303 (മേയ് മാസം വരെ)

(ബി) മദ്യവ്യവസായപുരോഗതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി)

വർഷം	ലഭിച്ച തുക
1996-97	7409
1997-98	4955
1998-99	3946
1999-2000	4594
2000-2001	655 (31.5.2001 വരെ)
ആകെ	21559

(ഡി) കേസുകൾ കോടതിയിൽ വിചാരണ നടന്നു വരുന്നു. ഇതുവ രെയും ആരെയും ശിക്ഷിച്ചിട്ടില്ല.

അബ്കാരി കോൺട്രാക്ടർമാരുടെ കുടിശ്ശിക

36 (991)ശ്രീ. പി.പി. തങ്കച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1968 മുതൽ 2000 മാർച്ച് 31 വരെ അബ്കാരി കോൺട്രാ ക്ടർമാരുടെ കുടിശ്ശിക എത്രയാണ്;

(ബി) അതിൽ പിഴപ്പലിശ എത്ര;

(സി) ഇതിൽ പ്രിൻസിപ്പൽ തുകയും പിഴപ്പലിശയും എത്ര വീത മാണെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly